**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5052** **11-08-2021 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ പാടിച്ചാൽ സപ്ലൈകോ സ്റ്റാളിന്റെ വാടക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിലെ പാടിച്ചാലിൽ പ്രവർത്തിക്കുന്ന സപ്ലൈകോ സ്റ്റാളിന്റെ വാടക നിലവിൽ ആരാണ് വഹിക്കുന്നതെന്ന് അറിയിക്കുമോ; പ്രസ്തുത സ്റ്റാളിന്റെ വാടക സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും നൽകാൻ നടപടി സ്വീകരിക്കുമോ? | (എ) | ഒരു പഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് പ്രസ്തുത മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന കാലത്തോളം അതാത് പഞ്ചായത്ത് തന്നെ വാടക നൽകണമെന്ന നിബന്ധന അംഗീകരിച്ച് കൊണ്ടുള്ള പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിലെ പാടിച്ചാലിൽ പ്രവർത്തിച്ച് വരുന്ന സപ്ലൈകോ മാവേലി സ്റ്റോറിന്റെ വാടക പഞ്ചായത്താണ് നൽകുന്നത്. വിപണിയിടപെടൽ പ്രവർത്തനങ്ങളിലൂടെ വിലക്കയറ്റം നിയിന്ത്രിക്കുന്നതിലൂടെയും സബ്സിഡി നിരക്കിൽ അവശ്യസാധന വിതരണം നടത്തുന്നതിലൂടെയുമുള്ള പ്രവർത്തനങ്ങളിലൂടെ വലിയ സാമ്പത്തിക പരിമിതികൾ നേരിടുന്നതിനാൽ സ്റ്റാളിന്റെ വാടക സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് നൽകുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ